# പതിനാലാം കേരള നിയമസഭ
## ഒമ്പതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 695**      **24/01/2018-ൽ മറുപടിയ്ക്ക്**

## കേരള ബാങ്ക് രൂപീകരണത്തിന്റെ പുരോഗതി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ. ജെയിംസ് മാത്യു**<br>**ശ്രീമതി. പി. അയിഷാ പോറ്റി**<br>**ശ്രീ. ജോർജ് എം. തോമസ്**<br>**ശ്രീ. ഐ.ബി. സതീഷ്** | | **ശ്രീ. കടകംപള്ളി സുരേന്ദ്രൻ**<br>**(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി)** |
| (എ) | കേരള ബാങ്ക് രൂപീകരണത്തിന്റെ പുരോഗതി അറിയിക്കാമോ; നിയമപരമായി വേണ്ട അനുമതികൾ ലഭ്യമായിട്ടുണ്ടോ; | (എ) | കേരള സഹകരണ ബാങ്ക് രൂപീകരിക്കുന്നതിനുള്ള സാദ്ധ്യതകൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി പ്രൊഫ. എം.എസ്.ശ്രീറാം ചെയർമാനായി സർക്കാർ 5 അംഗ വിദഗ്ദ്ധ സമിതിയെ നിയോഗിച്ചിരുന്നു. വിദഗ്ദ്ധ സമിതി 28.04.2017 ന് റിപ്പോർട്ട് സർക്കാറിന് സമർപ്പിച്ചു. കമ്മിറ്റിയുടെ റിപ്പോർട്ട് സർക്കാർ തത്വത്തിൽ അംഗീകരിക്കുകയും കേരള സഹകരണ ബാങ്ക് രൂപീകരണം പ്രായോഗിക തലത്തിൽ നടപ്പിലാക്കുന്നതിനായി നബാർഡിൽ നിന്നും ചീഫ് ജനറൽ മാനേജരായി റിട്ടയർ ചെയ്ത ശ്രീ. വി.ആർ. രവീന്ദ്രനാഥ് ചെയർമാനായി ഒരു ടാസ്ക് ഫോഴ്സിനെ നിയോഗിച്ചിട്ടുണ്ട്. ഇപ്രകാരം നിയോഗിച്ച ടാസ്ക് ഫോഴ്സ് പ്രവർത്തനം ആരംഭിച്ച് കേരള ബാങ്ക് രൂപീകരിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചു വരുന്നു. വിദഗ്ദ്ധ കമ്മിറ്റിയുടെ റിപ്പോർട്ട് സർക്കാർ വെബ്സൈറ്റിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി പ്രസിദ്ധീകരിച്ചിട്ടുണ്ട്. കേരള ബാങ്ക് രൂപീകരണവുമായി ബന്ധപ്പെട്ട് റിസർവ്വ് ബാങ്കിന്റെ അനുമതി വാങ്ങുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. |
| (ബി) | വാണിജ്യ ബാങ്കുകൾ സംസ്ഥാനത്ത് നിക്ഷേപ പ്രോത്സാഹനത്തിന് വിമുഖത കാണിക്കുന്ന സാഹചര്യത്തിൽ സംസ്ഥാനത്തിന്റെ വികസന പ്രവർത്തനത്തിന് ആക്കം കൂട്ടുന്ന തരത്തിൽ കേരള ബാങ്ക് രൂപീകരിക്കുകയും അതോടൊപ്പം നിലവിൽ ജില്ലാ സഹകരണ ബാങ്കുകൾക്കുണ്ടായിരുന്ന ജനകീയ സ്വഭാവം നിലനിർത്താനും സാധ്യമാകുമോ; | (ബി) | സംസ്ഥാനത്തിന്റെ സാമ്പത്തിക വികസനത്തിനും സാമൂഹിക പുരോഗതിക്കും സഹായകമാകുന്ന തരത്തിൽ ആയിരിക്കും കേരള സഹകരണ ബാങ്ക് രൂപീകരിക്കപ്പെടുന്നത്. നിലവിൽ ജില്ലാ സഹകരണ ബാങ്കിന്റെയും സംസ്ഥാന സഹകരണ ബാങ്കിന്റെയും ഭരണസമിതികൾക്ക് ഉണ്ടായിരുന്ന ജനകീയ സ്വഭാവം നിലനിർത്തി ആയിരിക്കും നിർദ്ദിഷ്ട ബാങ്ക് രൂപീകരിക്കുന്നതിന് ആവശ്യമായ നിയമനടപടികൾ സ്വീകരിക്കുന്നത്. |

| | | | |
|---|---|---|---|
| (സി) | എല്ലാ ആധുനിക ബാങ്കിംഗ് സൗകര്യങ്ങളും ഏർപ്പെടുത്തി പ്രവർത്തന മേഖല വിപുലീകരിക്കുന്നത് സഹകരണ തത്വങ്ങൾ അടിസ്ഥാനമാക്കിക്കൊണ്ടായിരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (സി) | നിർദ്ദിഷ്ട കേരള സഹകരണ ബാങ്ക് സഹകരണ മേഖലയിൽ പ്രവർത്തിക്കുന്ന സഹകരണ ബാങ്ക് ആയിരിക്കും. കേരള സഹകരണ സംഘം നിയമത്തിലെ വ്യവസ്ഥകൾ പാലിക്കപ്പെട്ടുകൊണ്ടുള്ളതും നിയന്ത്രണാധികാരികൾക്ക് കൂടി സ്വീകാര്യമായ എല്ലാ ആധുനിക സൗകര്യങ്ങളും നൽകാൻ കഴിയുന്ന സംസ്ഥാന തലത്തിലുള്ള ഒരു സഹകരണ ബാങ്ക് രൂപീകരിക്കാനാണ് വിഭാവനം ചെയ്യുന്നത്. |

സെക്ഷൻ ഓഫീസർ